LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി. പാഠപുസ്തകങ്ങൾ ലഭ്യമാക്കാൻ നടപടി

352 [2411] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 8, 9, 10 ക്ലാസ്സുകളിലെ ഐ.ടി. പാഠപുസ്തകങ്ങൾ ജില്ലയിലെ മിക്ക വിദ്യാലയങ്ങളിലും ലഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഈ അദ്ധ്യയനവർഷത്തേക്കാവശ്യമുള്ള ഇൻഫർമേഷൻ ടെക്നോളജി പുസ്തകങ്ങളിൽ മലയാളം മീഡിയം പുസ്തകങ്ങളുടേയും പത്താം ക്ലാസ്സിലെ എല്ലാ ഐ.ടി. പുസ്തകങ്ങളുടേയും അച്ചടിയും വിതരണവും പൂർത്തീകരിച്ചുകഴിഞ്ഞു. എട്ട്, ഒൻപത് ക്ലാസ്സുകളിലെ ഇംഗ്ലീഷ്, കന്നട മീഡിയം പുസ്തകങ്ങളുടെ അച്ചടി ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. ഉടൻ അച്ചടി പൂർത്തീകരിക്കുന്ന പുസ്തകങ്ങൾ കാസറഗോഡ്, കാഞ്ഞങ്ങാട് പാഠപുസ്തക ഡിപ്പോകളിൽ എത്തിക്കുവാൻ എറണാകുളം കേന്ദ്ര പാഠപുസ്തക സ്റ്റോർ കീപ്പറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നടപടി പൂർത്തീകരണം ഒരാഴ്ചയ്ക്കകം തന്നെ നടപ്പിൽ വരുത്താനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് ഏകീകൃത സംവിധാനം

353 [2412] ശ്രീ. കെ. കെ. ജയചന്ദ്രൻ:
„ കെ. വി. കുഞ്ഞിരാമൻ:
„ വി. കെ. സി. മമ്മത്കോയ:
„ പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഐ.ടി. പഠനത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഐ.ടി. പഠനത്തിന് സംസ്ഥാന വ്യാപകമായി ഏകീകൃത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഐ.ടി. പഠനത്തിന് ആഴ്ചയിൽ എത്ര പിരീഡുകളാണ് നിശ്ചയിച്ചിട്ടുള്ളത്;

(ഡി) കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിന് ആവശ്യമായ അദ്ധ്യാപകരെ തയ്യാറാക്കുന്നതിന് പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ടോ;

(ഇ) കമ്പ്യൂട്ടറുകൾ ഇല്ലാത്ത ഹൈസ്ക്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) വൈദ്യുതി ഇല്ലാത്ത എത്ര ഹൈസ്ക്കൂളുകൾ സംസ്ഥാനത്തുണ്ട്; ഇവയിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ജി) വിദ്യാർത്ഥി-കമ്പ്യൂട്ടർ അനുപാതം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഈ അനുപാതത്തിൽ സ്കൂളുകളിൽ കമ്പ്യൂട്ടർ ഉണ്ടെന്നുറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഐ.ടി. അറ്റ് സ്കൂൾ പദ്ധതി സ്കൂൾ പി.റ്റി.എ.-കളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ചുമതലയിൽ വികേന്ദ്രീകൃത രീതിയിലാണ് നടപ്പിലാക്കുന്നത്. എം.പി./എം.എൽ.എ. ഫണ്ടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/എൻ.ആർ.ഐ./പൂർവ്വവിദ്യാർത്ഥി സംഘടനകൾ/എൻ.ജി.ഒ.-കൾ എന്നിവയുടെ സഹായസഹകരണത്തോടുകൂടി പദ്ധതി നടപ്പിലാക്കുന്നതിനായി സ്കൂൾ തലത്തിൽ ഐ.ടി. അറ്റ് സ്കൂൾ ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ കുട്ടികളുടെ അനുപാതത്തിനനുസരിച്ച് കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ തിരഞ്ഞെടുത്ത എംപാനൽ ഏജൻസികളുടെ സഹായത്തോടെയും, (കുടുംബശ്രീ, ബി.എസ്.എസ്. തുടങ്ങിയവ) സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ധനസഹായവും കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും സ്കൂളുകൾക്ക് നൽകിവരുന്നു. ഇതുവരെ 27903 ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഐ.ടി. പരിശീലനം നൽകിക്കഴിഞ്ഞു.

(ബി) ഉണ്ട്.

(സി) ഓരോ ക്ലാസ്സിനും ആഴ്ചയിൽ 4 പിരീഡ് (2 പിരീഡ് തിയറിക്ക് 2 പിരീഡ് പ്രാക്ടിക്കലിന്) അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) വൈദ്യുതി ഇല്ലാത്ത 8 (എട്ട്) സർക്കാർ ഹൈസ്ക്കൂളുകളാണ് സംസ്ഥാനത്തുള്ളത്. ഈ സ്കൂളുകളിൽ സോളാർ പാനൽ ജനറേറ്റർ, കെ.എസ്.ഇ.ബി.-യുടെ കണക്ഷൻ ഇവയിലൊന്ന് നൽകാനുള്ള ഫീസിബിലിറ്റി പഠനം നടന്നുവരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനായി ഹൈസ്കൂൾ തലത്തിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ഇപ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

8 ഡിവിഷൻ വരെ	..	5
9 മുതൽ 17 വരെ	..	10
18 മുതൽ 26 വരെ	..	15
27 മുതൽ 34 വരെ	..	20

എസ്.എസ്.എൽ.സി. പ്രാക്റ്റിക്കലിനായി 10-ാം ക്ലാസ്സിൽ 250 വിദ്യാർത്ഥികൾക്കായി ഏറ്റവും കുറഞ്ഞത് 5 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും 250-ന് മുകളിൽ വിദ്യാർത്ഥികൾ ഉള്ള സ്ഥലത്ത് ഏറ്റവും കുറഞ്ഞത് 10 കമ്പ്യൂട്ടറുകളും ആവശ്യമാണ്, ഈ അനുപാതത്തിൽ സ്കൂളുകളിൽ കമ്പ്യൂട്ടർ ലഭ്യമാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

സന്നദ്ധ സംഘടനകൾക്ക് സ്കൂൾ കെട്ടിടം അനുവദിക്കുന്നില്ലെന്ന പരാതി

354 [2413] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭേച്ഛയോടുകൂടി പ്രവർത്തിക്കുന്ന പരസ്യ കമ്പനികളുടെ ബോർഡുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിക്കാൻ പാടില്ല എന്ന കോടതി വിധിയുടെയും 7-6-2002-ലെ 1503/2002/ജന.എഡ്യു. നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സന്നദ്ധസംഘടനകൾക്ക് വാർഷിക പൊതുയോഗങ്ങൾ നടത്തുന്നതിനും മറ്റ് വിദ്യാഭ്യാസ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സ്കൂൾ കെട്ടിടങ്ങൾ നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അദ്ധ്യയനം നഷ്ടപ്പെടാത്ത തരത്തിൽ സന്നദ്ധസംഘടനകൾക്കും മറ്റും അവരുടെ മീറ്റിംഗ് നടത്തുന്നതിന് സ്കൂൾ കെട്ടിടങ്ങൾ വിട്ടുകൊടുക്കുന്നതിനുള്ള നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്

(ബി) സ്കൂൾ കെട്ടിടങ്ങളും പരിസരവും പാഠ്യേതരാവശ്യങ്ങൾക്ക് നൽകുന്നത് ഒ.പി. നമ്പർ 35376/00, 4010/02 എന്നീ കേസുകളിൽ ഹൈക്കോടതി 5-4-2002-ൽ പുറപ്പെടുവിച്ച വിധിപ്രകാരം നിരോധിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ നിർദ്ദേശം അക്ഷരാർത്ഥത്തിലും അന്തസത്തയിലും നടപ്പാക്കണമെന്ന് 7-6-2002-ലെ ജി.ഒ. (ആർ.ടി) 1503/02/പൊ.വി. എന്ന ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ സ്കൂൾ കെട്ടിടങ്ങൾ പാഠ്യേതരാവശ്യങ്ങൾക്ക് നൽകുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly